## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 354**     **14.10.2011-ൽ മറുപടിക്ക്**

### ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻഗണന

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ)
ശ്രീ. പി.കെ.ഗുരുദാസൻ
ശ്രീ. എം.ചന്ദ്രൻ
ശ്രീ. കെ.കെ.നാരായണൻ

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പു മന്ത്രി)

എ) ശുചീകരണപ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ വേണ്ടത്ര മുൻഗണന നൽകിവരുന്നുണ്ടോ; ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ; ശരാശരി എത്ര ശതമാനം ഫണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ ചെലവഴിച്ചു വരുന്നുണ്ട് ;

എ) ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരമായ ഉത്തരവാദിത്വമാണ്. ഇതിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ശുചിത്വ മിഷൻ വഴി സംസ്ഥാന സർക്കാർ ലഭ്യമാക്കുന്നു. നഗര സ്വഭാവമുള്ള ഗ്രാമ പഞ്ചായത്തുകളിലാണ് ഇത് പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നത്. 10 ഗ്രാമ പഞ്ചായത്തുകളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. ആദ്യപടിയായി 63 ഗ്രാമ പഞ്ചായത്തുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് മൊത്തമായി 14 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചുകൊണ്ട് 4.17 കോടി രൂപ ഇതിനകം സംസ്ഥാന സർക്കാർ നൽകുകയുണ്ടായി. കൂടാതെ കേന്ദ്ര പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി 63 ഗ്രാമ പഞ്ചായത്തുകൾക്ക് 8.16 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് മിഷന്റെ സാമ്പത്തിക സഹായമായി 189.23 ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസ്വഭാ

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കുകയും ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകാനായി പ്രസ്തുത പദ്ധതികൾ പരിശോധിച്ചും വരുന്നു. |
| ബി) | പൊതുമാർക്കറ്റുകൾ, കാനകൾ, ആറുകൾ, നീർച്ചാലുകൾ ഇവയൊക്കെ മലിനപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ചില സ്ഥലങ്ങളിൽ പൊതുമാർക്കറ്റുകളും ആറുകളും നീർച്ചാലുകളും മലിനപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | ശുചീകരണരംഗത്ത് പഞ്ചായത്തുകൾ പൊതുവിൽ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ് ; | സി) | പ്രധാനമായും ഖര മാലിന്യ സംസ്കരണ കൈകാര്യ പരിപാലന രംഗത്ത് ഉള്ള വെല്ലുവിളികൾ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും നേരിടുന്നു. ഇതിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ സംവിധാനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് പ്രദേശ വാസികൾക്കുണ്ടാകുന്ന എതിർപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ. ഈ മേഖലയിൽ ഉപയോഗപ്പെടുത്താനുള്ള സാങ്കേതിക മികവിന്റേയും അവ നൽകാൻ ചുമതലയുള്ള ഏജൻസികളുടെ കുറവ്, ജനങ്ങളിൽ ശരിയായ അവബോധമില്ലാത്തത് കൊണ്ട് ഉണ്ടാകുന്ന സഹകരണക്കുറവ്, എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചീകരണ രംഗത്ത് നേരിടുന്ന പ്രധാന വെല്ലുവിളികൾ. |
| ഡി) | ഈ കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖരമാലിന്യ പരിപാലന രംഗത്ത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ളവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി ശക്തിപ്പെടുത്തണമെന്നുള്ള തീരുമാനം കൈക്കൊള്ളുകയും അതിനുള്ള നടപടികൾ |

പൂർത്തീകരിച്ചു വരികയുമാണ്. അതിന്റെ ഭാഗമായി വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കാനും ഇപ്പോൾ ഊന്നൽ നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇപ്പോൾ നൽകി വരുന്ന സാമ്പത്തിക സഹായമായ പരമാവധി പദ്ധതി തുകയുടെ 60 ശതമാനമോ ഇരുപതുലക്ഷം രൂപയോ എന്നത് പദ്ധതി തുകയുടെ 75 ശതമാനമോ പരമാവധി 25 ലക്ഷം രൂപയോ എന്നതായി ഉയർത്താനുള്ള നടപടികൾ പൂർത്തിയാക്കി വരികയാണ്. കൂടാതെ ഗാർഹിക തലത്തിലും ഉറവിട തലത്തിലുമുള്ള ഖര മാലിന്യ സംസ്കരണ സംവിധാനങ്ങളായ റിംഗ് കമ്പോസ്റ്റിംഗ്. വെർമ്മി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയവയ്ക്കും 75% സബ്സിഡി നൽകാനും തത്വത്തിൽ അംഗീകരിച്ച് നടപടി പൂർത്തിയായി വരികയാണ്. 2011 ഒക്ടോബർ 11 മുതൽ 2012 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ മാലിന്യ സംസ്കരണ രംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടാകുന്നത് ലക്ഷ്യമിട്ട് ശുചിത്വ വർഷമായി ആചരിക്കുവാനും വ്യാപകമായ ബോധവൽക്കരണ പ്രചരണ പരിപാടികൾ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തുന്നതനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകളിൽ ഖര മാലിന്യ പരിപാലന മേഖലയിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു

സെക്ഷൻ ഓഫീസർ